# ഉയിര്‍പ്പുകാലം
## വചന വിചിന്തനം
### ഉയിര്‍പ്പുകാലം : രണ്ടാം ഞായര്‍
### യോഹ 20,19–31

"അവന്‍ തോമസിനോടു പറഞ്ഞു:
നിന്‍െറ വിരല്‍ ഇവിടെ കൊണ്ടുവരുക; എന്‍െറ കൈകള്‍ കാണുക;
നിന്‍െറ കൈ നീട്ടി എന്‍െറ പാര്‍ശ്വത്തില്‍ വയ്ക്കുക.
അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.
തോമസ് പറഞ്ഞു: എന്‍െറ കര്‍ത്താവേ, എന്‍െറ ദൈവമേ!"
(യോഹ 20,27–28)

"*തോമാസിന്റേത് നിരാശയുടെതല്ല,
മറിച്ച്, ആശ്രയബോധത്തിന്റെ നിലവിളിയാണ്...
സ്നേഹംകൊണ്ട് ക്രിസ്തു സഹോദരങ്ങളുടെ
കുറവ് നികത്താമെന്ന് പഠിപ്പിക്കുന്നു!*"

"നിങ്ങള്‍
ആരുടെ പാപങ്ങള്‍
ക്ഷമിക്കുന്നുവോ
അവ അവരോടു
ക്ഷമിക്കപ്പെട്ടിരിക്കും.
നിങ്ങള്‍
ആരുടെ പാപങ്ങള്‍
ബന്ധിക്കുന്നുവോ
അവ
ബന്ധിക്കപ്പെട്ടിരിക്കും."
മനുഷ്യ,
ക്ഷമിക്കാനും
പൊറുക്കാനും നിനക്ക്
അധികാരമുണ്ട്!

ക്രിസ്തുശിഷ്യന്‍മാര്‍ ആഴ്ചയുടെ ആദ്യദിവസം വൈകിട്ട് യഹൂദരെ ഭയന്ന് കതകടച്ചിരിക്കുന്നു. ഇവരുടെ മധ്യേയിലേയ്ക്ക് ഉത്ഥിതനായ ക്രിസ്തു കടന്നുവരുന്നു. എന്നിട്ട്, അവരോട് പറഞ്ഞു,

"നിങ്ങള്‍ക്കു സമാധാനം!"

ഉത്ഥിതനായ ക്രിസ്തുവിന് ശിഷ്യന്‍മാര്‍ക്ക് നല്‍കാവുന്ന ഏറ്റവും വലിയ സമ്മാനം അവന്റെ സമാധാനമാണ്. അത് നല്‍കിയിട്ടും അവന്‍ ക്രിസ്തുവാണെന്ന് വിശ്വസിക്കാന്‍ ക്രിസ്തുശിഷ്യര്‍ തയ്യാറായില്ല. ഇതു കാണുന്ന ക്രിസ്തു താന്‍ ക്രിസ്തുവാണെന്ന് തെളിയിക്കാന്‍ ആണികള്‍ തറച്ച തന്‍െറ കൈകളും കുന്തത്താല്‍ തുളയ്ക്കപ്പെട്ട പാര്‍ശ്വവും അവരെ കാണിച്ചു. ഇതു കാണുന്ന ശിഷ്യര്‍ അതു കര്‍ത്താവാണെന്ന് തിരിച്ചറിയുകയും അവന്‍ ഉയര്‍ത്തെഴുന്നേറ്റു എന്നതില്‍ സന്തോഷിക്കുകയും ചെയ്യുന്നു.

പക്ഷെ, ഉത്ഥിതനായ ക്രിസ്തുവിന്റെ ഈ ദര്‍ശനസൗഭാഗ്യം ഊണിലും ഉറക്കത്തിലും ക്രിസ്തുവിനോട് കൂടെ ഉണ്ടായിരിക്കുകയും ക്രിസ്തുവിന്റെയും ക്രിസ്തുശിഷ്യരുടെയും 'മോട്ടിവേറ്ററുമായ' ദിദിമോസ് എന്നു വിളിക്കപ്പെടുന്നവനുമായ തോമസിന് മാത്രം ലഭിച്ചില്ല. അതുകൊണ്ടു മറ്റു ശിഷ്യന്‍മാര്‍ അവനോടു പറഞ്ഞു:

"ഞങ്ങള്‍ കര്‍ത്താവിനെ കണ്ടു."

ഇതുകേള്‍ക്കുന്ന തോമസ് പറഞ്ഞു:

"കര്‍ത്താവാണോ... ഞാന്‍ ഇത് വിശ്വസിക്കില്ല. ഇത് ഞാന്‍ വിശ്വസിക്കണമെങ്കില്‍ അവന്‍െറ കൈകളില്‍ ആണികളുടെ പഴുതുകള്‍ ഞാന്‍ കാണുകയും അവയില്‍ എന്‍െറ വിരല്‍ ഇടുകയും അവന്‍െറ പാര്‍ശ്വത്തില്‍ എന്‍െറ കൈ വയ്ക്കുകയും ചെയ്യണം. അല്ലാതെ ഞാന്‍ വിശ്വസിക്കുകയില്ല."

ഇതിനുശേഷം എട്ടു ദിവസങ്ങള്‍ പിന്നിടുന്നു. വാതിലുകളടച്ച് ക്രിസ്തുശിഷ്യരെല്ലാവരും ഒരുമിച്ചുകൂടിയിരിക്കുന്നതിന്റെ ഇടയിലേയ്ക്ക് ക്രിസ്തു കടന്നു വരുന്നു. തുടര്‍ന്ന് അവന്‍ വീണ്ടും എല്ലാവര്‍ക്കും സാമാധാനം പറഞ്ഞിട്ട് തോമസിനോട് പറഞ്ഞു:

"ക്രിസ്തു തൻെറ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യൻമാർ സന്തോഷിച്ചു." അവന്റെ മുറിവുകൾ നമുക്ക് സന്തോഷം നൽകുന്നതാണ്. കാരണം, അവന്റെ മുറിവുകൾ നമ്മുക്ക് രക്ഷ സമ്മാനിക്കുന്നവയാണ്.

"നിൻെറ വിരൽ ഇവിടെ കൊണ്ടുവരുക; എൻെറ കൈകൾ കാണുക; നിൻെറ കൈ നീട്ടി എൻെറ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക."

ഇത് കേൾക്കുന്ന തോമസ് തൊട്ടടുത്ത നിമിഷം പറഞ്ഞു:

"എൻെറ കർത്താവേ, എൻെറ ദൈവമേ!"

ലോകചരിത്രത്തിൽ ഇന്നുവരെ കേട്ടിട്ടുള്ള ക്രിസ്തുവിജ്ഞാനിയത്തിന്റെ ആണിക്കല്ലാണ് തോമസിന്റെ അധരങ്ങളിലൂടെ ദൈവം പറയിപ്പിച്ചത്. കുഞ്ഞായിരിക്കുമ്പോൾ കടംകഥകൾ പറഞ്ഞ് നാം കളിക്കാറുണ്ട്. അന്ന് പറയുന്ന നല്ല ഒരു കടംകഥ ഇപ്രകാരമാണ്.

"ഒരമ്മ പെറ്റ മക്കളെല്ലാം തൊപ്പിക്കാർ"

ഇതിന്റെ ഉത്തരം അടക്കാമരത്തിൽ നിന്നും പറച്ചെടുക്കുന്ന അടക്ക എന്നാണ്. ഈ കടംകഥ തന്നെയല്ലേ ക്രിസ്തുശിഷ്യൻമാരുടെ ജീവിത്തിൽ സംഭവിക്കുന്നത്. ഉയർത്തെഴുന്നേറ്റ ക്രിസ്തു തോമാശ്ലീഹയൊഴികെ മറ്റ് പതിനൊന്നുപ്പേർക്കും ദർശനം നൽകുമ്പോൾ അവരാരും ക്രിസ്തുവിൽ വിശ്വസിക്കുന്നില്ല. തുടർന്ന്, ക്രിസ്തു, തന്റെ ആണികളാൽ തുളയ്ക്കപ്പെട്ട കരങ്ങളും കുന്തത്താൽ തകർക്കപ്പെട്ട തിരുവിലാവും കാണിച്ചു കൊടുക്കുമ്പോൾ മാത്രമാണ് അവർ വിശ്വസിക്കുന്നത് (യോഹ 20,19-20). ഇതു തന്നെയാണ് തോമസിന്റെയും ജീവിത്തിൽ സംഭവിക്കുന്നത്. എന്നിട്ട്, തോമസ് മാത്രം സംശയക്കാരൻ. പക്ഷെ, യഥാർത്ഥത്തിൽ സംഭവിക്കുന്നതെന്താണ്. ക്രിസ്തുവിന്റെ തിരുമുറിവുകൾ കാണാനും അനുഭവിക്കാനുമുള്ള സൗഭാഗ്യം മുഴുവൻ ശിഷ്യർക്കും ലഭിച്ചിട്ടും, ക്രിസ്തുവിജ്ഞാനിയത്തിന്റെ ആണിക്കല്ലായിട്ടുള്ള "എന്റെ കർത്താവേ, എന്റെ ദൈവമേ..." എന്നുള്ളത് തോമസിന്റെ അധരങ്ങൾ മാത്രമെ സമ്മാനിക്കുന്നൊള്ളു.

ഈശോ തന്റെ മുറിപ്പാടുകൾ കാണിച്ചുകൊടുത്തുകൊണ്ടാണ് താൻ ഇന്നും ജീവിക്കുന്നു എന്ന് ശിഷ്യൻമാരെ ബോദ്ധ്യപ്പെടുത്തിയത്. ക്രിസ്തു മുറിവേറ്റ സൗഖ്യദായകനാണ്. മുറിവേറ്റവനാണ് മുറിവുള്ളതിനെ തിരിച്ചറിയാനും മുറിവുകൾ വച്ചുകെട്ടാനും സാധിക്കുകയൊള്ളു. പരാജിതനും ക്രൂശിതനുമായി ക്രിസ്തുവിനെ മരണത്തിന്റെ ധ്വംസനങ്ങൾക്ക് വിട്ടുകൊടുത്തിരുന്നുവെങ്കിൽ അവൻ മുറിവേറ്റവൻ മാത്രമായെനെ. പക്ഷെ, മരണത്തിന്റെ സമസ്യകളെ തച്ചുടച്ച് മൂന്നാംനാൾ ഉയർത്തെഴുന്നേറ്റതിലൂടെ അവൻ മുറിവേറ്റ സൗഖ്യദായകനായി മാറ്റപ്പെട്ടു. അവൻ പരാജിതനല്ല. മറിച്ച്, മരണത്തെ ജയിച്ചവനാണ്. എന്റെ മുറിവുകൾ ഉണക്കുന്നതിനുവേണ്ടി സ്വജീവിതത്തിൽ മുറിവുകൾ ഏറ്റെടുത്തവനാണ് ക്രിസ്തു. അവന്റെ മുറിവുകളിൽ എനിക്ക് ഇന്നും സ്ഥാനമുണ്ട്. കാരണം, അവൻ പറയുന്നു, " ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10,10).

ഉത്ഥിതനായ ക്രിസ്തു എപ്പോഴെല്ലാം ശിഷ്യൻമാർക്ക് പ്രത്യക്ഷപ്പെടുന്നുണ്ടോ, അപ്പോഴെല്ലാം അവൻ സമ്മാനിക്കുന്നത് "സമാധാനം" മാത്രമാണ്.

"ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!" (യോഹ 20,19)

"യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു: നിങ്ങൾക്കു സമാധാനം!" (യോഹ 20,26).

"യേശു അവരുടെ മധ്യേ പ്രത്യക്ഷനായി അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കു സമാധാനം!" (ലൂക്കാ 24,36).

"യേശു അവരോട് പറഞ്ഞു: ഭയപ്പെടേണ്ടാ" (മത്താ 28,10).

ഉത്ഥിതനായ ഈശോയ്ക്ക് അന്നും ഇന്നും എന്നും സമ്മാനിക്കാനുള്ളത് ദൈവത്തിന്റെ സമാധാനം മാത്രമാണ്. ഉത്ഥിതനായ ക്രിസ്തുവിനെ സ്വജീവിതത്തിന്റെയും സ്വഭവനത്തിന്റെയും നാഥനായി സ്വീകരിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യുന്നവർ ചെയ്യുന്നത് ക്രിസ്തുവിന്റെ സമാധാനം കൊണ്ട് സ്വജീവിതത്തെയും സ്വഭവനത്തെയും നിറയ്ക്കുകയാണ്. ജീവിതത്തിൽ സമാധാനമില്ലാത്ത അവസ്ഥകളുണ്ടോ? ജീവിതത്തിൽ സമാധാനമില്ലാത്ത മേഖലകളുണ്ടോ? ജീവിതത്തിൽ സമാധാനമില്ലാത്ത ഇടങ്ങളുണ്ടോ? ക്രിസ്തുവിനെ നിന്റെ നാഥനും രാജാവുമായി അവരോധിക്കുക. അവൻ നിനക്ക് സമാധാനം സമ്മാനിക്കും.

ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യഗണത്തിന് സമാധാനം സമ്മാനിച്ചതിന് ശേഷം ദൗത്യം ഭരമേൽപ്പിക്കുന്നു.

"അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,15-16).

"യേശു അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23).

**ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കെ, ക്രിസ്തു വന്ന് അവരുടെ മധ്യേനിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം! ക്രിസ്തു ഭയങ്ങൾ ഇല്ലാതാക്കുന്നവനാണ്!**

ഉത്ഥിതനായ ക്രിസ്തു താൻ സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്യുന്നതിന് മുമ്പ് ശിഷ്യഗണത്തിന് പ്രത്യക്ഷപ്പെടുമ്പോൾ അവരെ ഭരമേൽപ്പിക്കുന്ന ദൗത്യമാണിത്. മൂന്ന് കാര്യങ്ങളാണ് ശിഷ്യൻമാരെ ക്രിസ്തു ഭരമേൽപ്പിക്കുന്ന ദൗത്യം.

1. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കണം.
2. നിങ്ങൾ ലോകം മുഴുവൻ ചുറ്റി നടന്ന് വചനം പ്രസംഗിക്കണം.
3. വചനം കേട്ട് വിശ്വാസത്തോടെ കടന്ന് വരുന്നവർക്ക് സ്നാനം നൽകണം.
4. നിങ്ങൾക്ക് പാപങ്ങൾ മോചിക്കാനും ബന്ധിക്കാനുമുള്ള അധികാരവും ഉണ്ടായിരിക്കും.

ക്രിസ്തു ക്രിസ്തുശിഷ്യരെ ഭരമേൽപ്പിച്ച ദൗത്യമാണിത്. ഞാൻ ക്രിസ്തുശിഷ്യനാണെങ്കിൽ എന്റെ ജീവിതത്തിലൂടെ പൂർത്തിയാക്കാനുള്ള ദൗത്യവും ഇത് തന്നെയാണ്.

"സഭ മിശിഹായുടെ തുടർച്ചയാണ്
ഒപ്പം, മിശിഹായുടെ സാക്ഷികളുടെ സമൂഹവും!"

ഫാ. ജോബി മേനോത്ത്
+91 944 7777 931